പതിനാലാം കേരള നിയമസഭ

**ഏഴാം സമ്മേളനം**

*നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3377* *22.08.2017 ലെ മറുപടിക്ക്.*

## *നോർക്കയുടെ പ്രവർത്തനങ്ങൾ*

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. അബ്ദുൽ ഹമീദ്. പി : | ശ്രീ. പിണറായി വിജയൻ<br>**(മുഖ്യമന്ത്രി)** |
| (എ) ആവശ്യത്തിന് ജീവനക്കാരില്ലാത്തത് നോർക്കയുടെ പ്രവർത്തനങ്ങളെ ബാധിച്ചു എന്ന തരത്തിലുള്ള മാധ്യമ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) പ്രവാസികളുടെ തിരിച്ചറിയൽ കാർഡിനായുള്ള അപേക്ഷകൾ പരിഗണിക്കുന്നതിന് കാലതാമസമുണ്ടാകുന്നത് ജീവനക്കാരുടെ കുറവ് മൂലമാണോ ; വ്യക്തമാക്കുമോ ; | (ബി) പ്രവാസി തിരിച്ചറിയൽ കാർഡിനുള്ള അപേക്ഷകരുടെ എണ്ണത്തിൽ അഭൂതപൂർവ്വമായ വർദ്ധനവ് ഉണ്ടായതുകൊണ്ടാണ് ചില കേസുകളിൽ കാലതാമസം ഉണ്ടായത്. |
| (സി) നോർക്ക റൂട്ട്സിന്റെ സുഗമമായ പ്രവർത്തനത്തിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ? | (സി) നോർക്ക റൂട്ട്സിന്റെ സുഗമമായ പ്രവർത്തനം ഉറപ്പാക്കുന്നതിനായി അംഗീകൃത തസ്തികകളിലേക്ക് നിയമനം നടത്താൻ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ പ്രധാന പദ്ധതികൾ എല്ലാം തന്നെ പുനരാവിഷ്കരിച്ച് ലളിതമാക്കാനും കാലതാമസം ഒഴിവാക്കാനും നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.